# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3601

20.06.2018 - ൽ മറുപടിക്ക്

**കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ കക്ഷിയായിട്ടുള്ള കേസ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ കക്ഷിയായിട്ടുള്ളതോ കക്ഷിചേർന്നതോ ആയ ഏതെങ്കിലും കേസ് സുപ്രീംകോടതിയിലോ മറ്റേതെങ്കിലും കോടതികളിലോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. ബഹു. സുപ്രീം കോടതി മുമ്പാകെ സ്വകാര്യ നേഴ്സിംഗ് സ്കൂളുകളുടെയും കോളേജുകളുടെയും മാനേജ്മെന്റ് അസോസിയേഷനും ഇന്ത്യൻ നഴ്സിംഗ് കൗൺസിലും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള 2017 ലെ 32603-ാം നമ്പർ സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ). |
| ബി) | നേരിട്ട് കൗൺസിലിനെ ബാധിക്കാത്ത ഏതെങ്കിലും കേസിൽ കൗൺസിൽ കക്ഷിചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണ്; | ബി) | ഉണ്ട്.<br>നിലവിൽ ഇന്ത്യൻ നേഴ്സിംഗ് സ്കൂൾ/കോളേജുകൾ പ്രവർത്തിക്കുന്നതിന് സർക്കാർ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, അതാത് സംസ്ഥാന നഴ്സിംഗ് കൗൺസിൽ എന്നിവയുടെ അംഗീകാരം/അഫിലിയേഷൻ അനിവാര്യമാണ്. കൂടാതെ രാജ്യത്തൊട്ടാകെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകരിച്ച ഏകീകൃത സിലബസാണ് നഴ്സിംഗ് മേഖലയിലുള്ള കോഴ്സുകളിലെ പാഠ്യവിഷയങ്ങൾ. തന്മൂലം അന്യസംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന, കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് മാതൃ സംസ്ഥാനത്തിലെ നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത ശേഷം കേരളത്തിൽ നഴ്സായി പ്രാക്ടീസ് ചെയ്യുവാൻ സാധിക്കുന്നു. കർണ്ണാടക സംസ്ഥാനത്ത് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാതെ നഴ്സിംഗ് സ്ഥാപനം പ്രവർത്തിക്കാമെന്ന് ബഹു. കർണ്ണാടക ഹൈക്കോടതിയുടെ വിധിക്കെതിരെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ ബഹു. സുപ്രീകോടതിയിൽ അപ്പീൽ സമർപ്പിക്കുകയും പരമാവധി സംസ്ഥാന നഴ്സിംഗ് കൗൺസിലുകൾ ടി കേസിൽ കക്ഷിചേരണമെന്ന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പ്രസിഡന്റ് |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിക്കുകയും ചെയ്ത സാഹചര്യത്തിലാണ് കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലും ടി കേസ്സിൽ കക്ഷി ചേർന്നത്. |
| സി) | കൗൺസിലിനുവേണ്ടി കോടതിയിൽ ഹാജരാകുന്നത് ഏത് അഭിഭാഷകനാണ്; ഇതിനകം അഭിഭാഷകന് എന്ത് തുക നൽകി; വിശദാംശം നൽകുമോ? | സി) | സുപ്രീംകോടതിയിലെ അഡ്വക്കേറ്റ് ശ്രീ.ആനന്ദ് സഞ്ജയ് എം നുലി. നാളിതുവരെ 14,50,000/- രൂപ (പതിനാല് ലക്ഷത്തി അൻപതിനായിരം രൂപ) നൽകിയിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ